LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

117 [3169] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാരുടെ എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട് മാതൃ-ശിശു സംരക്ഷണ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള 7 ഡോക്ടർമാരുടെ തസ്തികയിൽ 4 ഡോക്ടർമാർ നിലവിലുണ്ട്. ഹീഡിയാട്രിക്സിൽ ഒരു സിവിൽ സർജന്റെ തസ്തികയാണ് അനുവദിച്ചിട്ടുള്ളതെങ്കിലും രണ്ടു സിവിൽ സർജൻമാരും സ്പെഷ്യാലിറ്റി ഇല്ലാത്ത രണ്ട് അസിസ്റ്റന്റ് സർജൻമാരും പകരമായി ജോലി ചെയ്യുന്നു. ആകെ അനുവദിച്ചിട്ടുള്ള 16 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറും 5 സിവിൽ സർജനും 10 അസിസ്റ്റന്റ് സർജനും ഉൾപ്പെടെ നിലവിൽ 16 ഡോക്ടർമാരും ജോലി ചെയ്യുന്നു. ആയതിനാൽ ടി ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകളൊന്നുമില്ല.

ഡോക്ടർമാർ, നഴ്സുമാർ മറ്റ് ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ നികത്താൻ നടപടി

118 [3170] ശ്രീ. സാജുപേൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ഇനം തിരിച്ചുള്ള ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) അവധിയിൽ പോയവരുടെ വിശദവിവരം തസ്തിക സഹിതം വ്യക്തമാക്കുമോ;

(ഡി) ഒഴിവുള്ള തസ്തികകളിലേക്ക് ഉടൻ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.